# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1045 02.12.2015 ലെ മറുപടിയ്ക്ക്

### വേളി ടൂറിസ്റ്റ് കേന്ദ്രത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തൽ

| ചോദ്യം<br>ശ്രീ.കെ.എം.മാണി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വേളി ടൂറിസ്റ്റ് കേന്ദ്രത്തെ പി.പി.പി വ്യവസ്ഥയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോയെന്ന വിശദമാക്കുമോ; | എ) | വേളിയിൽ, ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 18 ഏക്കറോളം ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് ആവിഷ്ക്കരിച്ച "അർബൻ എന്റർടെയിൻമെന്റ് ആന്റ് കൊമേഴ്സ്യൽ സെന്റർ" പദ്ധതി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ഘട്ടത്തിൽ എത്തിയെങ്കിലും പ്ലാനിംഗ് (ബിപിഇ) വകുപ്പിന്റെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് പദ്ധതിഘടകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും അംഗീകാരത്തിനു സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയായിരുന്നു.<br>ഇതിന്റെ ഭാഗമായി, ഇപ്പോൾ നടന്നു വരുന്ന RFP പ്രക്രിയ ഉപേക്ഷിച്ച് പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭൂമിയോടൊപ്പം വേളി ടൂറിസം വില്ലേജ് ഉൾപ്പെടെ ആകെ ലഭ്യമായ ഏകദേശം 37 ഏക്കറോളം ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള മറൈൻ അക്വേറിയം, സ്നോ തീം പാർക്ക് മുതലായ ആധുനിക വിനോദ സൗകര്യങ്ങളോടൊപ്പം മൾട്ടിപ്ലക്സ്, ഷോപ്പിംഗ് മാൾ, ഫുഡ്കോർട്ടുകൾ മുതലായവ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബൃഹത് ടൂറിസം പദ്ധതി സ്ഥാപിക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. |
| ബി) | ഇതിനായി പ്രത്യേക കമ്പനി രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ ? | ബി) | മേൽ പറഞ്ഞ പദ്ധതി നടപ്പിലാക്കുന്ന വേളയിൽ, പദ്ധതിയുടെ രൂപ നിർവ്വഹണത്തിന് അനുസൃതമായി ആവശ്യമെങ്കിൽ, പ്രത്യേക കമ്പനി രൂപീകരണമുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ